**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 172** **12-12-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ സേവനങ്ങൾക്ക് ഓൺലൈൻ പണമിടപാട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. നജീബ് കാന്തപുരം,<br>ഡോ. എം.കെ . മുനീർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിവിധ സർക്കാർ സേവനങ്ങൾക്ക് പണം അടയ്ക്കേണ്ടി വരുമ്പോൾ ഓൺലൈൻ സംവിധാനം വഴി പണമിടപാട് നടത്തണമെന്ന് വിജിലൻസ് വകുപ്പ് നിർദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സർക്കാർ സേവനങ്ങൾക്ക് ഓൺലൈൻ സംവിധാനം വഴി പണമിടപാട് നടത്തുന്നത് ഇതിനോടകം തന്നെ മിക്കവാറും എല്ലാ വകുപ്പുകളിലും നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ ഓഫീസുകളിലെ പണം അടച്ചുള്ള എല്ലാ സേവനങ്ങളും ഓൺലൈനായി മാത്രം നടത്തുന്നത് അഴിമതി കുറയ്ക്കുന്നതിനും അതുവഴി ഏജന്റുമാരുടെ അനധികൃത ഇടപെടലുകൾ ഇല്ലാതാക്കുന്നതിനും സഹായിക്കുമെന്നുള്ള വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | കൂടുതൽ മേഖലകളിൽ ഇത്തരത്തിലുള്ള ഓൺലൈൻ പണമിടപാട് നടത്തണമെന്ന നിർദേശം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | സർക്കാർ സേവനങ്ങൾക്ക് ഓൺലൈൻ സംവിധാനം വഴി പണമിടപാട് നടത്തുന്നത് ഇതിനോടകം തന്നെ മിക്കവാറും എല്ലാ വകുപ്പുകളിലും നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ ഓഫീസുകളിലെ പണം അടച്ചുള്ള എല്ലാ സേവനങ്ങളും ഓൺലൈനായി മാത്രം നടത്തുന്നത് അഴിമതി കുറയ്ക്കുന്നതിനും അതുവഴി ഏജന്റുമാരുടെ അനധികൃത ഇടപെടലുകൾ ഇല്ലാതാക്കുന്നതിനും സഹായിക്കുമെന്നുള്ള വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | മോട്ടോർ വാഹന വകുപ്പിൽ ചില ഓൺലൈൻ സേവനങ്ങളിൽ അഴിമതി തുടരുന്നതായുള്ള ആക്ഷേപം വിജിലൻസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ഉണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ ഓൺലൈൻ സംവിധാനങ്ങളിൽ അഴിമതി തുടരുന്നതായി ലഭിച്ച ഉറവിട വിവരങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന വ്യാപകമായി റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധനകൾ നടത്തിയതിൽ ഡ്രൈവിംഗ് ലൈസൻസ് അടക്കമുള്ള കാര്യങ്ങൾക്ക് ഓൺലൈൻ സംവിധാനം നിലവിലുള്ളപ്പോൾ |

| | | | |
|---|---|---|---|
| | | | തന്നെ ടി വകുപ്പിലെ ഉദ്യോഗസ്ഥർ ഓട്ടോ കൺസൾട്ടൻസി ഏജന്റുമാരിൽ നിന്നും ഗൂഗിൾ പേ വഴി കൈക്കൂലി വാങ്ങിയതായും ഏജന്റുമാർ മുഖേന നേരിട്ട് അപേക്ഷകൾ സ്വീകരിച്ചതായും വാഹന രജിസ്ട്രേഷനുമായി ബന്ധപ്പെട്ട അപേക്ഷകൾ കൂടുതൽ കാലം മനപൂർവ്വം താമസിപ്പിച്ചതായും കണ്ടെത്തിയിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിൽ വിജിലൻസ് തുടർച്ചയായ പരിശോധനകൾ നടത്തുന്നതാണ്.<br><br>ഇത്തരം ഉദ്യോഗസ്ഥരുടെ പേര് വിവരം വിജിലൻസ് പ്രത്യേകമായി സൂക്ഷിക്കുകയും അവരുടെ പ്രവർത്തനം നിരീക്ഷിച്ചു വരികയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ